(എഫ്) സർവ്വകലാശാലയുടെ കഴിഞ്ഞ നാലുവർഷത്തിനിടയിലുണ്ടായിട്ടുള്ള ഗവേഷണ ഫലങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള കാർഷിക സർവ്വകലാശാലയ്ക്ക് സർക്കാർ നൽകുന്ന പ്ലാൻ, നോൺ പ്ലാൻ വിഹിതങ്ങളിൽ കുറവുവന്നിട്ടില്ല.

(സി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ധനസഹായത്തിൽ കുറവു വന്നിട്ടില്ലെന്ന് കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഇ) ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) സർവ്വകലാശാലയുടെ കഴിഞ്ഞ നാലുവർഷത്തിനിടയിലുണ്ടായിട്ടുള്ള ഗവേഷണ ഫലങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കൊടുങ്ങല്ലൂർ പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സ്ളോട്ടർ ഹൗസ്

107 [2862] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ അനുവദിച്ചിരിക്കുന്ന സ്ളോട്ടർ ഹൗസ് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം നൽകേണ്ടത് ആരാണ്;

(സി) കൊടുങ്ങല്ലൂർ നഗരസഭ ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ;

(ഡി) സ്ളോട്ടർ ഹൗസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഇ) എന്നത്തേക്ക് ഈ സ്ഥാപനം ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് ഇങ്ങനെയൊരു പദ്ധതിയില്ല. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്കാണ് ഇപ്രകാരം ഒരു പദ്ധതി ഉണ്ടായിരുന്നത്.

†അനുബന്ധം XIII, XIII (എ)

GPM. 2/587/2012.—18

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കൊടുങ്ങല്ലൂർ നഗരസഭ ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

(ബി) — (ഇ) ബാധകമല്ല.

കയർ മേഖലയിൽ കേന്ദ്രനിക്ഷേപം കൊണ്ടുവരാനുള്ള നിർദ്ദേശം

108 [2863] *ശ്രീ. ടി. എം. ജേക്കബ്:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ:*
,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖല നേരിടുന്ന പ്രതിസന്ധിമൂലം ഒട്ടേറെ പരമ്പരാഗത തൊഴിലാളികൾ പട്ടിണിയിലായിരുന്നതായി മാദ്ധ്യമങ്ങളിൽവന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കയർമേഖലയിൽ കേന്ദ്ര നിക്ഷേപം കൊണ്ടുവരാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) പത്രവാർത്ത കണ്ടു.

(ബി) കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അഞ്ച് പദ്ധതികൾ അടങ്ങുന്ന ഒരു 'കോംപ്രിഹെൻസീവ് സ്കീം' സർക്കാരിന്റെ പരിഗണനയിലാണ്.

കയർ കയറ്റുമതി സംരക്ഷിക്കാൻ നടപടി

109 [2864] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള ചാർജ് വർദ്ധിപ്പിക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, താരിഫ് അതോറിറ്റി ഫോർ മേജർ പോർട്ട്സ് (റ്റാമ്പ്)-ന് അപേക്ഷ നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

†അനുബന്ധം XIV.

LIBRARY ARCHIVES Kerala Legislative Assembly